**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2563** **27-02-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുത മേഖലയിലെ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുത മേഖലയിലെ വിവിധ പരിഷ്കാരങ്ങൾക്കായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സൗര പദ്ധതിയായ സബ്സിഡിയിനത്തിലും നടപ്പാക്കിയ പദ്ധതിയ്ക്കുള്ള ഇൻസെന്റീവ് ഇനത്തിലും ലഭിച്ച തുകകളുടെ കണക്ക് ചുവടെ ചേർക്കുന്നു.<br><br>സബ്സിഡി - 1,11,29,08,500/-<br>ഇൻസെന്റീവ് - 9,89,69,200/-<br><br>വൈദ്യുതി മേഖലയിലെ നവീകരണത്തിനായി ആർ.ഡി.എസ്.എസ് പദ്ധതിയിൽ ഗ്രാന്റ് തുകയുടെ ആദ്യ ഗഡുവായ 67.07 കോടി രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.<br>കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ) കെ.എസ്.ഇ.ബി.എൽ മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷിയുള്ള ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ അനെർട്ട് മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിക്ക് ഇതുവരെ 4.69 കോടി രൂപ കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളിൽ ആദിവാസി മേഖലകളിലെ വൈദ്യുതീകരണം ഉൾപ്പെടുന്നുണ്ടോ; | (ബി) | ഉണ്ട്. 2015-16, DDUGJY-XII പ്ലാൻ സ്കീം പ്രകാരം DDG പദ്ധതിയിൽ 7 ആദിവാസി കോളനികളിലായി 294 വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കി. Oruvanpady, Katchithodu, Thekkady Muppathekkar, Thekkady Allimoopan, Kuriarkutty, Anamala, Sooriyappara എന്നിവയാണ് മേൽപ്പറഞ്ഞ കോളനികൾ.<br><br>ആർ.ഡി.എസ്.എസ് പദ്ധതിയിൽ അധിക തുകയ്ക്കുള്ള കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്ന പ്രവൃത്തികളിൽ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിച്ചുള്ള |

| | | | |
|---|---|---|---|
| | | | ആദിവാസി കോളനികളുടെ വൈദ്യുതീകരണം കൂടി ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിൽ ജനപ്രതിനിധികളുടെ അഭിപ്രായം തേടുമോയെന്ന് വിശദമാക്കുമോ? | (സി) | ജനപ്രതിനിധികളുടെ അഭിപ്രായം തേടിയിട്ടുണ്ട്.<br><br>ജനപ്രതിനിധികൾ ഉൾപ്പെടുന്ന ഡി.ഇ.സി (District Electricity Committee) യിൽ ഉയർന്നു വന്ന അഭിപ്രായവും അതിനുപരി 14 ജില്ലകളിൽ നടത്തിയ വർക്ക്ഷോപ്പിൽ നിന്നുമുള്ള ജനപ്രതിനിധികളുടെ അഭിപ്രായവും ഉൾക്കൊണ്ടുകൊണ്ടാണ് ആദിവാസി മേഖലയിലെ വൈദ്യുതീകരണം ഉൾപ്പെടെയുള്ളവ ആർ.ഡി.എസ്.എസ്-ൽ അധികമായി ഉൾപ്പെടുത്തി പ്രവൃത്തികൾ അന്തിമമാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ